## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ആടുകളായ നമുക്കുവേണ്ടി – നമ്മുടെ രക്ഷയ്ക്കുവേണ്ടി ജീവനെ അർപ്പിച്ചവനാണ്. പാപികൾക്കുവേണ്ടി കാൽവറിയിൽ മരിച്ചു ഉയിർത്തവനായ കർത്താവ്, നമ്മെ രക്ഷിപ്പാനായി, നമ്മുടെ ആത്മാക്കളുടെ വീണ്ടെടുപ്പിനായി, ജീവനെ ഏൽപ്പിച്ചു കൊടുത്തവൻ, ജീവനെ തന്നെ നൽകി ആത്മാക്കളെ രക്ഷിച്ചവനാണ്. ആ നല്ല ഇടയനെ ഇന്നു തന്നെ നമ്മുടെ ആത്മാവിന്റെ ഇടയനായി അംഗീകരിക്കാം.

എബ്രായർ 13:20 വലിയ ഇടയൻ – ആടുകളുടെ വലിയ ഇടയനായ സമാധാനത്തിന്റെ ദൈവം. വലിയ ഇടയൻ ആടുകൾക്കു വേണ്ടി ജീവിക്കുന്നവനാണ്. ഇതാണ് ഏററവും ശ്രേഷ്ഠമായ വസ്തുത. യേശു നമ്മൾക്കുവേണ്ടി മരിച്ചവൻ മാത്രമല്ല, ഉയിർത്തെഴുന്നേററ് ഇന്നും ജീവിക്കുന്നവൻ കൂടെയുണ്ട്. ‘ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും’. ജീവിക്കാനുള്ള ശക്തിയെ പ്രദാനം ചെയ്യുന്നവനായി ഒരു വലിയ ഇടയൻ നമുക്കായി ജീവിക്കുന്നു. ആത്മാക്കളുടെ ഇടയനായ ഈ യേശു, ആത്മാക്കളെ രക്ഷിക്കുന്ന നല്ല ഇടയൻ മാത്രമല്ല, ആത്മാക്കളെ ശക്തിയായി ജീവിപ്പാൻ ശക്തിപ്പെടുത്തുന്ന വലിയ ഇടയൻ കൂടിയാണ്.

നമ്മെ രക്ഷിച്ചവനായ കർത്താവ്, നമ്മെ മറന്നുപോയിട്ടില്ല, മറക്കുകയില്ല. നമ്മുടെ ഓരോ ആവശ്യവും ബലഹീനതയും അറിഞ്ഞ് നമുക്കുവേണ്ടി ഓരോ സമയവും പിതാവായ ദൈവത്തോടെ പക്ഷവാദം ചെയ്തുകൊണ്ട് പിതാവിന്റെ വലതുഭാഗത്തിരിക്കുകയാണ്. നാം ഇവിടെ ഈ ലോകത്തിലായിരിക്കുമ്പോൾ, നമ്മെ കാണുന്നവർ മാത്രമല്ല, നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നവനായി ആ വലിയ ഇടയൻ സ്വർഗ്ഗത്തിലുണ്ട് എന്ന വസ്തുത എത്രയോ ആവേശദായകവും ആശ്വാസപ്രദവുമാണ്. യേശു നമുക്കായി ജീവിക്കുന്ന വലിയ ഇടയനാണ്. ആ ഇടയന്റെ നല്ല കുഞ്ഞാടുകളായി എന്നും സന്തോഷമായി ജീവിക്കാം.

തുടരും....